**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 530** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകന്ദൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ അശാസ്ത്രീയമായും യുക്തിരഹിതമായും നടപ്പാക്കിയ ജി.എസ്.ടി. സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. |
| (ബി) | ഭരണഘടനാ ഭേദഗതി പ്രകാരം ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം പൂർണമായും ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഭരണഘടനാ ഭേദഗതി പ്രകാരം ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം പൂർണമായും ലഭിക്കുന്നില്ല. ജി.എസ്.ടി. |

| | | | |
|---|---|---|---|
| | | | നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017–18, 2018–19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019–20 സാമ്പത്തികവർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് കോമ്പൻസേഷൻ സെസ്സ് വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. 2019 ഡിസംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാര തുക 04.06.2020–നും 2020 മാർച്ചിലെ നഷ്ടപരിഹാര തുക 23.07.2020–നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020–21 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭിച്ചില്ല. 27.08.2020–ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യം ചർച്ച ചെയ്യുകയും, നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിലെ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വെച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020–21 സാമ്പത്തിക വർഷം 5766കോടി രൂപയും 2021-22സാമ്പത്തിക വർഷം ജനുവരി വരെ 8739.31 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | വിൽപന നികുതി, ജി.എസ്.ടി. എന്നിവ ഉൾപ്പെടെ വിവിധ നികുതികളുടെ ചോർച്ച തടയാനായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; | (സി) | ജി.എസ്.ടി. പൂർണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി |

| | | | |
|---|---|---|---|
| | | | വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തുതന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ചു പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, SMS എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമപ്പെടുത്തുന്നു. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചത് വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനു വേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ്പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്നരീതി നടപ്പിലാക്കി വരുന്നു. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായകമായി. |
| (ഡി) | ജി. എസ്. ടി. നിയമത്തിന് അനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ നവീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ നികുതി സംവർധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ പുനഃസംഘടന പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ച് ഇപ്പോൾ ട്രെയിനിങ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം**

| F.Y | Protected Revenue (cr) | Total collection (cr) | Compensation receivable (cr) | Compensation (Cess fund) | Compensation ( Loan) | Compensation (Total ) | Balance (cr) |
|---|---|---|---|---|---|---|---|
| 2020-21 | 32400 | 20255.15 | 12144.85 | 6298.52 | 5766.00 | 12064.52 | 80.33 |
| 2021-22 (2022 ജനുവരി വരെ) | 30780 | 19353.87 | 11426.13 | 0 | 8739.31 | 8739.31 | 2686.82 |

**സെക്ഷൻ ഓഫീസർ**